ചേർന്ന് 60 റെയ്ഡുകൾ നടത്തുകയും 19 പേരെ അറസ്റ്റ് ചെയ്യുകയും 5 പേരെ പ്രോസിക്യൂട്ട് ചെയ്യാൻ നടപടിയെടുക്കുകയും ചെയ്തു. 853.85 മെട്രിക് ടൺ അരി, 56.61 മെട്രിക് ടൺ ഗോതമ്പ്, 6.4 മെട്രിക് ടൺ പഞ്ചസാര, 24.76 കിലോലിറ്റർ മണ്ണെണ്ണ, 963 ഗ്യാസ് സിലിണ്ടറുകൾ എന്നിവ പിടിച്ചെടുക്കുകയും 34.20 ലക്ഷംരൂപ പിഴയായി ഈടാക്കുകയും ചെയ്തു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5303 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ കള്ളക്കടത്ത് നടത്തിയത് കണ്ടെത്തിയിട്ടുണ്ട്. പിടിച്ചെടുത്ത സാധനങ്ങൾ പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുകയും ആയതിന്റെ വിറ്റുവരവ് റവന്യൂ ഡെപ്പോസിറ്റിൽ സൂക്ഷിക്കുകയും ചെയ്യുന്നു. കുറ്റക്കാർക്കെതിരെ പോലീസ് കേസ്/അവശ്യസാധന നിയമപ്രകാരവും നടപടിയെടുത്തുവരുന്നു. കർശനമായ പരിശോധന സംവിധാനം ഇന്ന് നിലവിലുണ്ട്.

പുതിയ റേഷൻ കാർഡുകൾ

168 (5253) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതിയ റേഷൻകാർഡുകൾ എന്നു മുതൽ പ്രാബല്യത്തിൽ വരുത്താനാണ് സർക്കാർ ആലോചിക്കുന്നത് ?

ഉത്തരം

മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ പുതിയ റേഷൻ കാർഡുകൾ 1-9-2015-ന് പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്.

പുതിയ താലൂക്കുകളിൽ സിവിൽസപ്ലൈസ് ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ

169 (5254) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച താലൂക്കുകളിൽ സിവിൽസപ്ലൈസ് ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇവ എന്നത്തേക്ക് പ്രവർത്തിച്ച് തുടങ്ങാൻ സാധിക്കും ?

LIBRARY ARCHIVES Kerala Legislative Assembly